പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2037 22.01.2014 ൽ മറുപടിക്ക്

**കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിന് ആവശ്യമായ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. ഇ. പി. ജയരാജൻ: | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് രൂപീകരിച്ച സൊസൈറ്റി ഏതാണ് ; എന്നാണ് സൊസൈറ്റി രൂപീകരിച്ചത് ; | (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് വേണ്ടി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. 10.04.2012 നാണ് ടി സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത സൊസൈറ്റിയുടെ ഗവേണിംഗ് കൗൺസിലിൽ എത്ര പേരുണ്ട് ; ആരെല്ലാമാണ് | (ബി) | സൊസൈറ്റിയുടെ ഗവേണിങ്ങ് കൗൺസിൽ 9 അംഗങ്ങളാണുള്ളത്.<br>1. ശ്രീ. കെ. ബാബു, ബഹു: മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി - ചെയർമാൻ<br>2. ശ്രീ. ജി. ചന്ദ്രമൗലി, എം.ഡി. കിയാൽ - വൈസ് ചെയർമാൻ<br>3. ശ്രീ. അനീഷ് കുര്യൻ- സെക്രട്ടറി<br>4. ശ്രീ. ജയകൃഷ്ണൻ. എസ്, സീനിയർ ഫിനാൻസ് മാനേജർ (കിയാൽ) - ഖജാൻജി<br>5. ശ്രീ. വി.ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവം- വ്യോമയാനം) - മെമ്പർ<br>6. ശ്രീ. എ.ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് - മെമ്പർ<br>7. ശ്രീ. സുരേഷ് കുമാർ വി.എസ്. ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ<br>8. ശ്രീ. പി. ബാലൻ - മെമ്പർ<br>9. ശ്രീ. കെ.എസ്. ഷിബുകുമാർ - അഡീഷണൽ പ്രോജക്ട് എൻജിനീയർ (സിവിൽ) കിയാൽ മെമ്പർ. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എത്ര പേരുണ്ട്; ആരെല്ലാമാണ്; | (സി) | സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 7 അംഗങ്ങളാണ് ഉള്ളത്.<br>1. ശ്രീ. ജി. ചന്ദ്രമൗലി - എം.ഡി. കിയാൽ പ്രസിഡന്റ്<br>2. ശ്രീ. അനീഷ് കുര്യൻ - കമ്പനി സെക്രട്ടറി, കിയാൽ- സെക്രട്ടറി.<br>3. ശ്രീ. ജയകൃഷ്ണൻ. എസ്- സീനിയർ മാനേജർ, ഫിനാൻസ് (കിയാൽ) - ഖജാൻജി<br>4. ശ്രീ. എ.ആർ. അജയകുമാർ, അഡീഷണൽ സെക്രട്ടറി ധനകാര്യ വകുപ്പ് - മെമ്പർ<br>5. ശ്രീ. സുരേഷ് കുമാർ വി.എസ്. ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ് - മെമ്പർ<br>6. ശ്രീ. പി. ബാലൻ - സീനിയർ മാനേജർ, കോർപ്പറേറ്റ് അഫയേഴ്സ് കിയാൽ - മെമ്പർ<br>7. ശ്രീ. കെ.എസ്. ഷിബുകുമാർ - അഡീഷണൽ പ്രോജക്ട് എൻജിനീയർ (സിവിൽ) - കിയാൽ മെമ്പർ. |
| (ഡി) | സൊസൈറ്റി രൂപീകരണത്തിനുശേഷം എത്ര ഗവേണിംഗ് കൗൺസിലുകൾ വിളിച്ചു ചേർക്കുകയുണ്ടായി; | (ഡി) | സൊസൈറ്റി രൂപീകരണത്തിന് ശേഷം രണ്ടു പ്രാവശ്യം ഗവേണിംങ്ങ് കൗൺസിൽ വിളിച്ചു ചേർത്തു. |
| (ഇ) | സൊസൈറ്റി രൂപീകരണത്തിനുശേഷം എത്ര എക്സിക്യൂട്ടീവ് കമ്മിറ്റികൾ വിളിച്ചു ചേർക്കുകയുണ്ടായി; | (ഇ) | സൊസൈറ്റി രൂപീകരണത്തിന് ശേഷം രണ്ടു പ്രാവശ്യം എക്സിക്യൂട്ടീവ് കമ്മിറ്റി വിളിച്ചു ചേർത്തിട്ടുണ്ട്. |
| (എഫ്) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിൻമേൽ പ്രസ്തുത സൊസൈറ്റി ഇതിനോടകം എത്ര ഫണ്ട് സ്വരൂപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എഫ്) | സൊസൈറ്റി ഇതിനോടകം 53.13,37000/- (അൻപത്തിമൂന്ന് കോടി പതിമൂന്ന് ലക്ഷത്തി മുപ്പത്തി ഏഴായിരം) രൂപ സമാഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ജി) | ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും എത്ര തുക വീതം സ്വരൂപിച്ചിട്ടുണ്ട് ? | (ജി) | വ്യക്തികളിൽ നിന്ന് 39,87,07,000/- (മുപ്പത്തി ഒൻപത് കോടി എൺപത്തി ഏഴ് ലക്ഷത്തി എഴായിരം) രൂപയും സ്ഥാപനങ്ങളിൽ നിന്ന് 13,26,30,000/- (പതിമൂന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി മുപ്പതിനായിരം) രൂപയും സ്വരൂപിച്ചിട്ടുണ്ട്. വിശദാംശം ഇതോടൊപ്പം അനുബന്ധം ഒന്നും രണ്ടുമായി വച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**